SUNDAY 22/02/2026 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: SINDHU. K S  Editor: Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/02/2026

1. കേര പ്രോജക്ടിന് കീഴിൽ കേരള അഗ്രോ ബിസിനസ് കമ്പനി ലിമിറ്റഡ് (KABCO) ചേർത്തലയിൽ നടപ്പിലാക്കുന്ന വെജിറ്റബിൾ അഗ്രോ പാർക്കിന്റെ ശിലാസ്ഥാപന ചടങ്ങ് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഇന്ന് (2026 ഫെബ്രുവരി 22 ന്) വൈകുന്നേരം 4:00 മണിക്ക് നിർവ്വഹിക്കുന്നു.

2. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസറുടെ ആസ്ഥാനമായ ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ, കുടപ്പനക്കുന്ന് 2026 വർഷത്തിൽ ചിക്ക് സെക്സിംഗ് & ഹാച്ചറി മാനേജ്മെന്റ് എന്ന അഞ്ചു മാസം ദൈർഘ്യമുള്ള തൊഴിലധിഷ്ഠിത കോഴ്സിനു അപേക്ഷ ക്ഷണിക്കുന്നു. ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ പൂവനും പിടയുമായി തരം തിരിയ്ക്കുന്ന ജാപ്പനീസ് വെന്റ് സെക്സിങ് രീതിയിൽ വൈദഗ്ധ്യം ഉറപ്പാക്കുന്നതാണ് ഈ കോഴ്സ്. അപേക്ഷകർ 01.01.2026 ന് 25 വയസ്സ് കവിയാത്തവരും 18 വയസ്സ് പൂർത്തിയായവരും എസ്.എസ്.എൽ.സി/തത്തുല്യ യോഗ്യത പാസ്സായവരും,

ff

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൈവിരലുകൾക്ക് അംഗവൈകല്യം ഇല്ലാത്തവരും, കണ്ണട ഉപയോഗിക്കാതെ നല്ല കാഴ്ചശക്തി ഉള്ളവരും ആയിരിക്കണം (മെഡിക്കൽ സർട്ടിഫിക്കറ്റ് നിർബന്ധമാണ്). പരിശീലന ഫീസ് 500/- രൂപ. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ഫീസ് നൽകേണ്ടതില്ല. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 27.02.2026. നിശ്ചിത മാതൃകയിൽ തയ്യാറാക്കിയ അപേക്ഷകൾ പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ, മൃഗസംരക്ഷണ പരിശീലന കേന്ദ്രം,കുടപ്പനക്കുന്ന് പി.ഒ. തിരുവനന്തപുരം 695043, Email – ptotvm.ahd@kerala.gov.in എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. അപേക്ഷഫാറത്തിന്റെ മാതൃക മൃഗസംരക്ഷണ വകുപ്പിന്റെ www.ahd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. നേരിട്ടുള്ള അഭിമുഖത്തിലൂടെ 12 വിദ്യാർത്ഥികളെയായിരിക്കും തെരഞ്ഞെടുക്കുന്നത്. യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കാത്തതും അപൂർണ്ണമായതും 27.02.26 ന് വൈകുന്നേരം 5 മണിയ്ക്ക് ശേഷം ലഭിക്കുന്നതുമായ അപേക്ഷകൾ നിരസിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0471-2732918.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. 2025 വർഷത്തിൽ റബ്ബർ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ നടത്തിയവർക്ക് റബ്ബർബോർഡിൽ നിന്നുള്ള ധനസഹായത്തിന് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാനുള്ള അവസാനതീയതി 2025 നവംബർ 17 വരെയായിരുന്നു. ഈ കാലയളവിൽ അപേക്ഷ സമർപ്പിക്കാൻ കഴിയാതിരുന്നവർക്ക് 2026ഫെബ്രുവരി 19 മുതൽ 25 വരെയുള്ള തീയതികളിൽ 'സർവീസ് പ്ലസ്' പോർട്ടൽ വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാൻ കഴിയുന്നതാണ്. കർഷകർ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്താൻ താൽപര്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് റീജിയണൽ ഓഫീസുകളോ ഫീൽഡ് സ്റ്റേഷനുകളോ ആയി ബന്ധപ്പെടുകയോ റബ്ബർബോർഡ് വെബ്സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുകയോ ചെയ്യുക.

**പരിശീലന പരിപാടി**

4. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2026 ഫെബ്രുവരി 23, 24 തീയതികളിൽ പന്നിവളർത്തൽ എന്ന വിഷയത്തിൽ

പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0497 2763473.

**കാർഷിക നിർദേശം**

5. അന്തരീക്ഷ ഊഷ്മാവ് കൂടിവരുന്നതിനാൽ പച്ചക്കറികളിൽ മണ്ഡരി, ഇലപ്പേൻ, വെള്ളീച്ച മുതലായ നീരൂറ്റി കുടിക്കുന്ന പ്രാണികൾ മൂലമുള്ള കുരുടിപ്പുരോഗം കാണാൻ സാധ്യതയുണ്ട്. 10 ഗ്രാം വെർട്ടിസീലിയം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുകയോ അല്ലെങ്കിൽ വേപ്പെണ്ണയടങ്ങുന്ന കീടനാശിനികൾ പത്ത് ദിവസം ഇടവിട്ട് തളിക്കുകയോ ചെയ്യുക.

6. കശുമാവ് തോട്ടങ്ങളിൽ തൈകൾ ഉൽപ്പാദിപ്പിക്കാനായി പതിവയ്ക്കൽ ആരംഭിക്കാവുന്നതാണ്. ഇങ്ങനെ ഉൽപ്പാദിപ്പിക്കുന്ന ലെയറുകൾ ജൂൺ-ജൂലായ് മാസങ്ങളിൽ നടാൻ അനുയോജ്യമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം